


# ഈജിപ്ത്

# പുതിയ രാഷ്ട്രീയ സാഹചര്യങ്ങളും പ്രസിഡന്റ് തെരഞ്ഞെടുപ്പും

ലേഖനം ● അബ്ദുൽ ഹകീം നദ്‌വി

**1981** ഒക്ടോബർ 14-ന് അറബ് റിപ്പബ്ലിക് ഓഫ് ഈജിപ്തിന്റെ നാലാമത്തെ പ്രസിഡന്റായി മുഹമ്മദ് ഹുസ്നി സയ്യിദ് മുബാറക് എന്ന ഹുസ്നി മുബാറക് അധികാരമേറ്റ് മുപ്പത് വർഷം തികയുന്ന 2011 ആദ്യത്തിൽ ഈജിപ്തിന്റെ പുതിയ പ്രസിഡന്റ് പദവിയിലേക്കും പാർലമെന്റിലേക്കുമുള്ള തെരഞ്ഞെടുപ്പ് നടക്കാൻ പോവുകയാണ്. തന്റെ അധികാര പദവി നിലനിർത്തണമോ അതല്ല താൻ തീരുമാനിച്ചുറപ്പിച്ചവനെ പ്രസിഡന്റായി അവരോധിക്കണമോ എന്ന ചർച്ചകൾക്കപ്പുറം മറ്റു സാധ്യതകൾ അടച്ച് കളയാനുള്ള എല്ലാ രാഷ്ട്രീയ തന്ത്രങ്ങളും അണിയറയിലും അരങ്ങത്തും തകൃതിയായി പയറ്റുന്ന തിരക്കിലാണ് അദ്ദേഹം.

ഈജിപ്ത് തെരഞ്ഞെടുപ്പ് എന്നും വിവാദങ്ങൾക്ക് തിരികൊളുത്തിയ ചരിത്രമാണുള്ളത്. തന്റെ സ്വേഛാധിപത്യം ഉപയോഗപ്പെടുത്തി മറ്റുള്ളവർ ജനാധിപത്യ സ്വഭാവത്തിലൂടെ അധികാരത്തിലേക്ക് കടന്നുവരാനുള്ള എല്ലാ പഴുതുകളും മുൻകൂട്ടി കണ്ടെത്തി അതടച്ച് കളഞ്ഞ് മാത്രമാണ് തെരഞ്ഞെടുപ്പിനെ ഹുസ്നി മുബാറക് അഭിമുഖീകരിച്ചത്. എന്നിട്ടും കർശന നിയന്ത്രണങ്ങളും നിരീ

ക്ഷണങ്ങളും മറികടന്ന് ഇഖ്‌വാനുൽ മുസ്‌ലിം ഉൾപ്പെടെ പ്രതിപക്ഷം ശക്തമായ രാഷ്ട്രീയ സാന്നിധ്യം അറിയിച്ച തെരഞ്ഞെടുപ്പായിരുന്നു കഴിഞ്ഞ തവണ നടന്നത്. ഇഖ്‌വാന് മാത്രം 88 സീറ്റുകളിൽ വിജയിക്കാൻ സാധിച്ചു ആ തെരഞ്ഞെടുപ്പിൽ. നിലവിൽ ഈജിപ്ഷ്യൻ പാർലമെന്റിലെ ഏറ്റവും വലിയ പ്രതിപക്ഷ പാർട്ടി കൂടിയാണവർ. മൊത്തം പാർലമെന്റ് സീറ്റുകളിൽ 20% നേടിയെടുക്കാൻ നിയമസാധുത ഇല്ലാതിരുന്നിട്ട് പോലും സാധിച്ചു എന്നത് രാഷ്ട്രീയ നിരീക്ഷകരെ അത്ഭുതപ്പെടുത്തിയിരുന്നു.

ഇതെല്ലാം മുമ്പിൽകണ്ടു കൊണ്ടാണ് പുതിയ രാഷ്ട്രീയ തന്ത്രങ്ങൾ ഭരണകൂടം രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ഈജിപ്തിൽ രണ്ട് സാധ്യതകളാണ് നിലനിൽക്കുന്നത്. ഒന്ന്: ഹുസ്നി മുബാറകിന്റെ രാഷ്ട്രീയ സ്വേഛാധിപത്യത്തിൻ കീഴിൽ നാഷ്നൽ ഡെമോക്രാറ്റിക് പാർട്ടി വീണ്ടും അധികാരം നിലനിർത്തുക. രണ്ട്: ജനാധിപത്യ സ്വഭാവത്തിൽ തെരഞ്ഞെടുപ്പ് നടത്തി അതുവഴി ഇഖ്‌വാനുൽ മുസ്‌ലിമൂൻ വിജയക്കൊടി പാറിക്കുക. ഇത്തരമൊരു സാധ്യത അമേരിക്കൻ ചാരസംഘടനയായ സി.ഐ.എ പോലും മുമ്പിൽ കാണുന്നു എന്നാണ് അവരുടെ ചില റിപ്പോർട്ടുകൾ തെളിയിക്കുന്നത്. The Current situation in Egypt എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ച ഒരു സി.ഐ.എ ഡോക്യുമെന്റിൽ ഇപ്രകാരം രേഖപ്പെടുത്തിയത് കാണാം. Nationalism and Pan Islamic Movement are expected to increase in Egypt as in the other Arab States. ഇതിലെ രണ്ടാം സാധ്യത ഇല്ലാതാക്കാനുള്ള ശ്രമങ്ങളാണ് ഭരണതലത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്.

അറേബ്യൻ ദേശീയത അതിതീവ്രമായി പ്രചരിപ്പിച്ച് തന്റെ അധികാരക്കസേര ഉറപ്പിച്ച് നിർത്താൻ എന്തടവും പ്രയോഗിക്കാൻ മടിയില്ലാത്ത ഹുസ്നി മുബാറകും മതമൗലികവാദികളെന്ന് ആക്ഷേപിച്ച് മാറ്റി നിർത്താൻ ശ്രമിക്കുന്ന ഇഖ്‌വാനുൽ മുസ്‌ലിമൂനും തമ്മിലുള്ള പോരാട്ടമാണ് വരും തെരഞ്ഞെടുപ്പിൽ ഉണ്ടാകാൻ പോകുന്നതെന്ന് അമേരിക്കയും സാമ്രാജ്യത്വ ശക്തികളും തിരിച്ചറിഞ്ഞിരിക്കുന്നു. ഇത്തരമൊരു സാഹചര്യത്തിൽ ഇത് രണ്ടിലും പെടാത്ത പുതുമുഖത്തെ അവതരിപ്പിച്ച് ചില രാഷ്ട്രീയ നിക്കങ്ങൾ പരീക്ഷിക്കാനും ആലോചനകൾ നടക്കുന്നു. ഇന്റർനാഷ്നൽ ആറ്റമിക് എനർജി ഏജൻസി (ഐ.എ.ഇ.എ) ചെയർമാനായി രണ്ട് തവണ തെരഞ്ഞെടുക്കപ്പെടുകയും ഇപ്പോൾ വിരമിക്കുകയും ചെയ്ത മുഹമ്മദ് അൽ ബറാദഇയെ മുന്നിൽ നിർത്തിയാണ് ഒരു പരീക്ഷണം. ചെയർമാൻ പദവിയിൽനിന്നും വിരമിച്ച് കഴിഞ്ഞ ഫെബ്രുവരി 5-ന് ആദ്യമായി ഈജിപ്തിലെത്തിയ അദ്ദേഹത്തിന് വൻ സ്വീകരണമാണ് ഒരുക്കിയിരുന്നത്. അന്താരാഷ്ട്ര മാധ്യമങ്ങൾ അദ്ദേഹത്തെ പതിവിൽ കവിഞ്ഞ തോതിൽ പരിചയപ്പെടുത്തുകയും 'വിജയിച്ച നേതാവ്' എന്ന് വിശേഷിപ്പിക്കുകയും ചെയ്തത് ശ്രദ്ധേയമാണ്. കെയ്റോവിൽ വെച്ച് അദ്ദേഹം നടത്തിയ പത്രസമ്മേളനത്തിൽ താൻ പ്രസിഡന്റ് സ്ഥാനാർഥിയാകാനുള്ള സാധ്യതയെ കുറിച്ച് പറയുകയും ചെയ്തിരുന്നു.

കഴിഞ്ഞ മുപ്പത് വർഷമായി തുടരുന്ന ഹുസ്നി മുബാറകിന്റെ സ്വേഛാധിപത്യവാഴ്ച അവസാനിപ്പിച്ച് നേതൃമാറ്റം അനിവാര്യമായും ഉണ്ടാകണമെന്ന വാദവുമായി അദ്ദേഹം ഇന്ന് പ്രചാരണ രംഗത്ത് സജീവമാണ്. അദ്ദേഹത്തിന്റെ പ്രചാരണത്തിന് ഇഖ്‌വാൻ പൂർണ പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു കഴിഞ്ഞു. നീതിപൂർവമായ തെരഞ്ഞെടുപ്പ് സാധ്യമാകും വിധം ഭരണഘടനയിൽ ഭേദഗതികൾ ആവശ്യപ്പെടുകയും ചെയ്യുന്നുണ്ട് അദ്ദേഹം. കാരണം നിലവിലെ ഭരണഘടനാ വ്യവസ്ഥകൾ വെച്ച് ഒരാൾക്ക് മത്സരിക്കാൻ പോലും കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്.

അന്താരാഷ്ട്ര വേദികളുടെ നേതൃതലത്തിലിരുന്ന പാരമ്പര്യവും യോഗ്യതയും അവകാശപ്പെടാനുണ്ടെങ്കിലും ഈജിപ്ഷ്യൻ രാഷ്ട്രീയത്തിൽ തീരെ പരിചയക്കുറവുള്ളയാളാണ് അൽ ബറാദഈ. മാത്രമല്ല ഹുസ്നി മുബാറക് തന്റെയും പിൻഗാമികളുടെയും സ്ഥാനം ഉറപ്പിക്കാൻ വേണ്ടതെല്ലാം നേരത്തെ ചെയ്തുവെച്ചു കഴിഞ്ഞു. ഈജിപ്ഷ്യൻ ഭരണഘടനാ പ്രകാരം പ്രസിഡന്റ് സ്ഥാനാർഥിക്കുണ്ടായിരിക്കേണ്ട യോഗ്യതകളും മാനദണ്ഡങ്ങളും കൂടുതൽ സങ്കീർണവും കർശനവും നിയമക്കുരുക്കുള്ളതുമായിത്തീർന്നിരിക്കുന്നു. സ്ഥാനാർഥികൾ ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുമായി ബന്ധമുള്ളവരാണെങ്കിൽ ഗവൺമെന്റ് അംഗീകാരമുള്ള രാഷ്ട്രീയ പാർട്ടിയുടെ കേന്ദ്ര നേതൃപദവിയുള്ളയാളായിരിക്കണം. ഇലക്ഷൻ നടക്കുന്നതിന്റെ ഒരു വർഷം മുമ്പെങ്കിലും ഈ പദവിയിൽ തുടരുകയും ചെയ്തിരിക്കണം. പ്രസ്തുത പാർട്ടിയാകട്ടെ തെരഞ്ഞെടുപ്പിന്റെ അഞ്ച് വർഷം മുമ്പെങ്കിലും രജിസ്റ്റർ ചെയ്തിരിക്കണമെന്ന നിബന്ധനയുമുണ്ട്. ഇഖ്‌വാൻ ഗവൺമെന്റ്

നിരോധിത സംഘടനയായതുകൊണ്ട് അവർക്ക് സംഘടനാ തലത്തിൽ നിന്നുകൊണ്ട് മത്സരിക്കാൻ പോലും കഴിയില്ല.

ഇനി സ്ഥാനാർഥികൾ സ്വതന്ത്രരായി മത്സരിക്കുന്ന സംഘടനാ ബന്ധങ്ങളില്ലാത്തവരാണെങ്കിൽ ചുരുങ്ങിയത് 250 പാർലമെന്റ് അംഗങ്ങളുടെയോ മുഴുവൻ ജില്ലാ കൗൺസിലുകളുടെയോ അംഗീകാരവും സമ്മതപത്രവും ലഭിച്ചെങ്കിലേ അവർക്ക് മത്സരിക്കാനാകൂ. നിലവിൽ ഭൂരിപക്ഷം പാർലമെന്റ് മെമ്പർമാരും ജില്ലാ ഭരണകൂടങ്ങളും ഭരണപാർട്ടിയുടെ ആളുകളായത് കൊണ്ട് തന്നെ ഇഖ്‌വാൻ ഉൾപ്പെടെ ആർക്കും സംഘടനാപരമായോ വ്യക്തിപരമായോ മത്സരിക്കാൻ കഴിയില്ലെന്നതാണ് അവസ്ഥ.

ഇതിനെല്ലാം പുറമെ ഇഖ്‌വാൻ നേതാക്കളെയും പ്രവർത്തകരെയും യാതൊരു നീതീകരണവുമില്ലാതെ ജയിലിലടച്ച് പീഡിപ്പിക്കുന്ന ഭരണകൂടനയം പൂർവാധികം ശക്തിപ്പെടുകയും ചെയ്തിരിക്കുന്നു. കഴിഞ്ഞ ഫെബ്രുവരി 8-ന് ഈജിപ്തിലെവിവിധ പ്രദേശങ്ങളിൽനിന്നായി ഒരേസമയം 116 ഇഖ്‌വാൻ നേതാക്കളെയാണ് അറസ്റ്റ് ചെയ്ത് തുറുങ്കിലടച്ചത്. പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഇഖ്‌വാൻ മുർശിദുൽ ആം ഡോ. മുഹമ്മദുൽ ബദീഅ് പറയുന്നത് കാണുക: "കഴിഞ്ഞ പത്ത് വർഷത്തിനകം ഇഖ്‌വാന്റെ 30,000ലധികം പ്രവർത്തകരെയും നേതാക്കളെയും അറസ്റ്റ് ചെയ്ത് ജയിലിലടച്ചിട്ടുണ്ട്. ഇവരുടെ തടവുകാലം ഒരുമിച്ച് കൂട്ടിയാൽ അത് 15,000 വർഷത്തേക്കാൾ അധികം വരും. ഹുസ്നി മുബാറക് തന്റെ നാട്ടിലെ പ്രഗത്ഭരും കർമനിരതരുമായ വ്യക്തിത്വങ്ങളുടെ ആയുസ്സിലെ 15,000 വർഷം നഷ്ടപ്പെടുത്തിയതിന് ദൈവസമക്ഷം മറുപടി ബോധിപ്പിക്കേണ്ടി വരും!" ഹുസ്നി മുബാറകിന്റെ സ്വേഛാധിപത്യ വാഴ്ചയിൽ മനം മടുത്ത് കൂറ് മാറിയ മുൻ മന്ത്രിയും പ്രഗത്ഭ രാഷ്ട്രീയ നേതാവുമായ അനീസ് സിദ്ഖി തന്റെ ഭരണകാലത്ത് സംഭവിച്ച തെറ്റുകൾ ജനങ്ങളുടെ മുമ്പിൽ തുറന്ന് പറഞ്ഞ് ഖേദം പ്രകടിപ്പിച്ചു. അദ്ദേഹം പറഞ്ഞു: "ഇഖ്‌വാൻ പ്രവർത്തകർക്കും നേതൃത്വത്തിനും നേരെ ധാരാളം അതിക്രമങ്ങൾ ഞങ്ങൾ നടത്തിയിട്ടുണ്ട്. ഞങ്ങൾ ഈജിപ്തുകാർ ഒന്നടങ്കം അതിൽ ഖേദിക്കുകയും മാപ്പപേക്ഷിക്കുകയും ചെയ്യുന്നു. വളരെ പ്രഗത്ഭരും വിവേക ശാലികളുമായ വ്യക്തിത്വങ്ങളെ ദീർഘനാൾ തുറുങ്കിലടച്ച കാരണത്താൽ രാജ്യത്തിന്റെ പുരോഗതിക്കും വികസനത്തിനു വൻനഷ്ടം സംഭവിച്ചിട്ടുണ്ട്."

ഇഖ്‌വാനുൽ മുസ്‌ലിമൂൻ സ്ഥാപകനേതാവ് ഇമാം ശഹീദ് ഹസനുൽ ബന്നായും സയ്യിദ് ഖുത്ബും ഉൾപ്പെടെ നിലവിലെ മുർശിദുൽ ആം ഡോ. ബദീഅ് വരെ എല്ലാവരും വളരെ പ്രഗത്ഭരും ധിഷണാശാലികളുമാണ്. 1999-ൽ ഈജിപ്ത് ഗവൺമെന്റ് തയാറാക്കിയ സയൻസ് എൻസൈക്ലോപീഡിയയിൽ അറബ് രാജ്യങ്ങളിലെ 100 പ്രഗത്ഭ വ്യക്തിത്വങ്ങളെ പരിചയപ്പെടുത്തിയ കൂട്ടത്തിൽ ഒരാളാണ് ഡോ. റബീഅ്. അറബ് ലോകത്ത് വെറ്ററിനറിയിൽ അദ്ദേഹത്തോളം പ്രശസ്തനായ മറ്റൊരാളെ കണ്ടെത്തുക ദുഷ്കരമായിരിക്കും. ആഗോള തലത്തിൽ വെറ്ററിനറി സയൻസിൽ പ്രഗത്ഭരായ പത്ത് വ്യക്തികളുടെ പട്ടിക തയാറാക്കിയാൽ അതിലൊരാൾ ഇദ്ദേഹമായിരിക്കും, തീർച്ച. ഇത്ര പ്രഗത്ഭരായ വ്യക്തികൾ ഇഖ്‌വാനുമായി ബന്ധപ്പെടുകയോ? അത് പാടില്ലെന്നും അത്തരക്കാരെ ജയിലിലടക്കണമെന്നുമാണ് ഭരണകൂട നയം. 1965ൽ സയ്യിദ് ഖുത്ബിന്റെ കൂടെ ഡോ. ബദീഇനെയും തുറുങ്കിലടച്ചിരുന്നു. 15 വർഷത്തെ ജയിൽ ശിക്ഷയാണ് വിധിച്ചതെങ്കിലും 9 വർഷത്തിന് ശേഷം നിരപരാധിയാണെന്ന് വിട്ടയക്കുകയായിരുന്നു. 1999ൽ വീണ്ടും മൂന്ന് വർഷത്തോളം ജയിലിലടക്കപ്പെട്ടു അദ്ദേഹം. പ്രഗത്ഭ ഇഖ്‌വാൻ നേതാക്കളോടെല്ലാം ഭരണകൂടം സ്വീകരിച്ച നിലപാട് ഇത് തന്നെയായിരുന്നു.

ഡോ. മുഹമ്മദ് അദ്ദസൂഖി, ഡോ. മഹ്മൂദ് ഇസ്സത്ത്, ഡോ. മുഹമ്മദുൽ ബിർറ്, എഞ്ചിനീയർ അഹ്മദ് അബ്ബാസ്, ഡോ. മുഹമ്മദ് സഅദ്, ഡോ. മുഹമ്മദ് അസ്ദുൽ ഗനി, വലീദ് ശലബി, ഡോ. ഈഹാബ് ഇബ്റാഹീം, ഡോ. അബ്ദുർറഹീം, എഞ്ചിനീയർ മസ്ഊദ് അലി ഖുത്ബ് തുടങ്ങിയ പ്രഗത്ഭർ ഉൾപ്പെടുന്ന നേതൃത്വം ഈജിപ്തിന്റെ ഒരു വലിയ മുതൽകൂട്ട് തന്നെയാണ്. പക്ഷേ ഇവർ ഉൾപ്പെടുന്ന ഇഖ്‌വാൻ നേതാക്കളെയും പ്രവർത്തകരെയും ഉന്മൂലനം ചെയ്തേ അടങ്ങൂ എന്ന വാശിയിലാണ് ഹുസ്നി മുബാറകും കൂട്ടരും.

പീഡനങ്ങളുടെ പെരുമഴ തന്നെ അവരുടെ മേൽ വർഷിച്ചിട്ടും വളരെ അവധാനതയോടെ മാത്രമേ ഇഖ്‌വാൻ നേതൃത്വം പ്രതികരിക്കുന്നുള്ളൂ. പ്രസ്ഥാന നേതൃത്വം ഏൽപിക്കപ്പെട്ടതിന് ശേഷം കഴിഞ്ഞ ജനുവരി 16-ന് അദ്ദേഹം നടത്തിയ പ്രഭാഷണം തന്നെ അതിന്റെ മികച്ച ഉദാഹരണമാണ്.

അദ്ദേഹം പറഞ്ഞു. "ഞങ്ങൾ ഒരിക്കലും ഭരണകൂടത്തെ അന്ധമായി എതിർക്കുന്നവരോ എന്നെന്നും അവരോട് ശത്രുത പുലർത്തുന്നവരോ അല്ല. എല്ലാറ്റിനെയും എതിർക്കുക എന്നത് ഞങ്ങളുടെ പ്രകൃതവുമല്ല. നന്മയിൽ സഹകരിക്കുകയും തിന്മയോട് നിസ്സഹകരിക്കുകയും ചെയ്യണമെന്നത് ദൈവ കൽപനയാണ്. ഈ തത്ത്വത്തിൽ നിന്നുകൊണ്ട് ഭരണകൂടത്തോട് സഹകരിച്ച് പോകണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്." പക്ഷേ, അദ്ദേഹത്തിന്റെ പ്രഭാഷണം കഴിഞ്ഞ് മൂന്ന് ആഴ്ച തികയുന്നതിന് മുമ്പ് ഇഖ്വാന്റെ മൂന്ന് മക്തബുൽ ഇർശാദ് അംഗങ്ങൾ ഉൾപ്പെടെ ഡസൻ കണക്കിന് നേതാക്കളെയും പ്രവർത്തകരെയും അറസ്റ്റ് ചെയ്യുകയാണ് ഗവൺമെന്റ് ചെയ്തത്. പുറമെ പ്രസ്ഥാന നേതൃത്വത്തിനും പ്രവർത്തനങ്ങൾക്കുമെതിരെ വസ്തുതാ വിരുദ്ധമായ കുപ്രചാരണങ്ങൾ വ്യാപകമായി പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നുമുണ്ട്. ഇഖ്വാൻ നേതാക്കൾക്കിടയിൽ രൂക്ഷമായ അഭിപ്രായ വ്യത്യാസങ്ങൾ നിലനിൽക്കുന്നുണ്ടെന്ന വ്യാപകമായ പ്രചാരണം ഈ പ്രോപഗണ്ടയുടെ ഭാഗമായിരുന്നു. സയ്യിദ് ഖുത്ബിന്റെ കൂടെ അറസ്റ്റ് ചെയ്യപ്പെട്ട അദ്ദേഹത്തിന്റെ സഹയാത്രികൻ എന്ന നിലക്ക് 'ഖുത്ബി' എന്ന് പരിഹസിച്ച് വ്യക്തിഹത്യ നടത്താനുള്ള ശ്രമങ്ങളും പൊടിപൊടിക്കുന്നുണ്ട്.

തീവ്രവാദം തന്നെയാണ് ഇഖ്വാനെതിരെയും ഉന്നയിക്കപ്പെട്ട് കൊണ്ടിരിക്കുന്ന പ്രധാന ആരോപണം. ഡോ. മുഹമ്മദ് ബദീഅ് തന്റെ ഒരു അഭിമുഖത്തിൽ അതുമായി ബന്ധപ്പെട്ട് ചില വിശദീകരണങ്ങൾ നൽകിയിരുന്നു: "സയ്യിദ് ഖുത്ബിന്റെ രചനകളും തീവ്ര നിലപാടെടുക്കുന്ന സംഘങ്ങളും തമ്മിൽ യാതൊരു ബന്ധവുമില്ല. ഹസനുൽ ഹുദൈബിയുടെ കാലത്ത് തന്നെ അത്തരം തീവ്ര ആശയക്കാരെ പാർട്ടിയിൽ നിന്ന് പുറത്താക്കിയിരുന്നു. അദ്ദേഹം അത്തരക്കാരുടെ നിലപാടുകളുടെ പ്രത്യാഘാതം ചൂണ്ടിക്കാണിച്ച് ഒരു പുസ്തകം തന്നെ എഴുതി. 'പ്രബോധകർ മാത്രം, വിധികർത്താക്കളല്ല' (ദുആതുൻ ലാ ഖുളാത്ത്) എന്നാണ് ആ പുസ്തകത്തിന്റെ പേര്. പ്രസ്തുത ഗ്രന്ഥത്തിന്റെ കൈയെഴുത്ത് പ്രതി തയാറാക്കിയ നാല് പേരിൽ ഒരാളാണ് ഞാൻ. ഇഖ്വാൻ ഭരണനേതൃത്വത്തിനെതിരെ കുഫ്ർ ആരോപിച്ചുവെന്നത് കള്ളപ്രചാരണം മാത്രമാണ്. കാരണം അത് ഇഖ്വാന്റെ പ്രവർത്തനരീതിയിൽ പെട്ടതല്ല." പ്രശസ്ത അമേരിക്കൻ ചിന്തകൻ റോഗന്റെ The Arab എന്ന പുസ്തകത്തിൽ സയ്യിദ് ഖുത്ബിനെ പരിചയപ്പെടുത്തുന്നുണ്ട്. ഭരണാധികാരികൾ അക്രമ മർദനങ്ങളിൽനിന്ന് പിന്തിരിയാൻ കൂട്ടാക്കാതിരുന്നപ്പോൾ ജനങ്ങളെ ബോധവാന്മാരാക്കുകയും തിന്മക്കെതിരെ സജ്ജരാക്കുകയും മാത്രമാണ് അദ്ദേഹം ചെയ്തത് എന്നാണ് അദ്ദേഹത്തെ പരിചയപ്പെടുത്തുന്നത്. ഇസ്‌ലാമിക പ്രചാരണം സുഗമമായി നടക്കുന്നതിന് ഭരണകൂടം തടസ്സം സൃഷ്ടിച്ചാൽ അതായിരിക്കും തീവ്രവാദത്തിന് കാരണമാകുക എന്ന് കൂടി അദ്ദേഹം ഉണർത്തി.

ഇഖ്വാന്നെതിരെ നടക്കുന്ന ഭരണകൂട ഭീകരതകൾക്ക് വർഷങ്ങളുടെ പഴക്കമുണ്ട്. എത്ര കാടിളക്കി തെറ്റിദ്ധാരണകൾ പ്രചരിപ്പിച്ചതിന് ശേഷവും പൊതു സമൂഹത്തിന്റെ മനസ് അവർക്കെതിരെ തിരിച്ച് വിടാൻ ഭരണകൂടത്തിനായിട്ടില്ല എന്നതാണ് സത്യം. ഒരു അമേരിക്കൻ ഏജൻസി അടുത്തിടെ നടത്തിയ സർവേയിൽ ഈജിപ്തിലെ 69 ശതമാനം ജനങ്ങളും, മുസ്‌ലിം ബ്രദർഹുഡ് ജനാധിപത്യ രീതിയിൽ സമാധാനപരമായി പ്രവർത്തിക്കുന്നുണ്ടെന്നും ജനാധിപത്യവും സമാധാനാന്തരീക്ഷവും തകരാതിരിക്കാൻ അവർ ബദ്ധശ്രദ്ധരുമാണ് എന്നാണ് വിധിയെഴുതിയത്. യഥാർഥ ജനാധിപത്യവും സമാധാനാന്തരീക്ഷവും പുലർന്ന് കാണണമെങ്കിൽ ഇഖ്വാന്റെ കൈകളിൽ അധികാരമേൽപിക്കണമെന്ന് കൂടി വിശ്വസിക്കുന്നവരാണവർ.

ഇഖ്വാന്റെ സംഘടനാ തെരഞ്ഞെടുപ്പ് ആഭ്യന്തര ജനാധിപത്യത്തിന്റെ പുതിയൊരു മാതൃക കൂടി സൃഷ്ടിച്ചിരിക്കുകയാണ്. ഇഖ്വാന്റെ കഴിഞ്ഞ 81 വർഷത്തെ ചരിത്രത്തിൽ ആദ്യമായി അതിന്റെ അധ്യക്ഷ പദവിയിലുള്ളയാൾ ജീവിച്ചിരിക്കുമ്പോൾ തന്നെ മറ്റൊരു നേതാവിനെ തെരഞ്ഞെടുത്തു എന്നതാണ് ഈ തെരഞ്ഞെടുപ്പിന്റെ സവിശേഷത. കൂടെ കൂടെ നേതൃത്വം മാറുന്നത് സംഘടനയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് തടസ്സമാകാനിടയുണ്ട് എന്ന കാരണത്താലാണ് നേതൃമാറ്റം നടക്കാതിരുന്നത്. പക്ഷേ ഒരു ജനാധിപത്യ പ്രക്രിയയിൽ കഴിവുള്ളവർ പുറംതള്ളപ്പെടാനും സംഘടന പുതിയ ദിശയിലേക്ക് സഞ്ചരിക്കാതിരിക്കാനും കാരണമാകുമിതെന്ന തിരിച്ചറിവാണ് ഇപ്പോൾ ഇഖ്വാൻ നേതൃത്വത്തിനുണ്ടായിരിക്കുന്നത്. മുഹമ്മദ് മഹ്ദി ആകിഫിന്റെ സാന്നിധ്യത്തിൽ തന്നെ പുതിയ അധ്യക്ഷൻ ഉത്തരവാദിത്വമേറ്റെടുത്തിരിക്കുകയാണിപ്പോൾ.

ഇഖ്വാൻതെരഞ്ഞെടുപ്പ് പ്രസക്തമാകുന്ന മറ്റൊരു ഘടകം കൂടിയുണ്ട്. മീഡിയ ഒരുമിച്ചണിനിരന്ന് ആക്രമണങ്ങളഴിച്ച് വിട്ട് കൊണ്ടിരുന്ന സന്ദർഭത്തിൽ കൂടിയാണ് പാർട്ടി തെരഞ്ഞെടുപ്പ് നടന്ന

ത്. അതുകൊണ്ട് തന്നെ അവരുടെ സംഘടനാ രീതികളും പ്രവർത്തന മാർഗവുമെല്ലാം മീഡിയക്ക് മുമ്പിൽ വളരെ തുറസ്സോടെ അവതരിപ്പിക്കാനായി എന്നതാണ് മറ്റൊരു നേട്ടം. തെരഞ്ഞെടുപ്പിന് ശേഷം നേതൃപ്രഖ്യാപനത്തിന് വേണ്ടി വിളിച്ച് ചേർത്ത പത്രസമ്മേളനത്തിൽ മുമ്പില്ലാത്തവിധം ഇഖ്വാൻ കേന്ദ്രസമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട 16 അംഗങ്ങളും സന്നിഹിതരാവുകയും പത്രപ്രവർത്തകരുടെ ചോദ്യങ്ങൾക്ക് അവർ മറുപടി പറയുകയും ചെയ്തിരുന്നു.

കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ മാത്രം ഇഖ്വാനിന്റെ 7500 ലധികം വരുന്ന പ്രവർത്തകരുടെ കമ്പനികളും ഫാക്ടറികളും ആസ്തികളും കണ്ടുകെട്ടിയിരുന്നു. ഇത്തരം പ്രതിസന്ധിഘട്ടങ്ങളിൽ ഒരു പ്രസ്ഥാനത്തിന് മുമ്പോട്ട് സഞ്ചരിക്കാനുള്ള യഥാർഥ പ്രചോദനം ആത്മാർഥതയും ദൈവഭയവും അല്ലാതെ മറ്റെന്തെങ്കിലുമാകാൻ തരമില്ല.

ഹുസ്നി മുബാറകിന്റെ സ്വേഛാധിപത്യ വാഴ്ചയിൽ ഈജിപ്തുകാർ അങ്ങേയറ്റം നിരാശരും ദുഖിതരുമാണ്. സാധ്യമാകുന്ന വേദികളിലെല്ലാം അതവർ പ്രകടിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ വരും വർഷാദ്യത്തിൽ നടക്കാനിരിക്കുന്ന തെരഞ്ഞെടുപ്പ് ഏറെ ശ്രദ്ധിക്കപ്പെട്ടു കഴിഞ്ഞു. പക്ഷേ ജനാധിപത്യ സ്വഭാവത്തിലുള്ള തെരഞ്ഞെടുപ്പിന്റെ എല്ലാ സാധ്യതകളും ഇപ്പോൾ തന്നെ അടച്ച് തുടങ്ങിയിരിക്കുന്നതിന്റെ സൂചനയാണ് ജൂൺ 2-ന് നടന്ന നിയമനിർമാണ അസംബ്ലിയുടെ ഉപരിസഭയിലേക്കുള്ള തെരഞ്ഞെടുപ്പ്. ഉപരിസഭയായ ശൂറാ കൗൺസിലിലെ 13 സീറ്റുകളിലേക്ക് മത്സരിച്ച മുസ്‌ലിം ബ്രദർഹുഡിന് ഒറ്റ സീറ്റ് പോലും നേടാനായില്ല. തെരഞ്ഞെടുപ്പിൽ വ്യാപകമായ കൃത്രിമം നടത്തി തങ്ങളെ മനഃപൂർവം പരാജയപ്പെടുത്തിയതാണെന്നാണ് ഇഖ്വാൻ നേതാക്കൾ പറയുന്നത്.

ഈജിപ്തിൽ മാറ്റമുണ്ടാകണമെന്ന് എല്ലാവരും അഗ്രഹിക്കുന്നു. അമേരിക്ക ഉൾപ്പെടെയുള്ള സാമ്രാജ്യത്വ രാഷ്ട്രങ്ങൾക്കും ആഗ്രഹമുണ്ട്. പക്ഷേ, ആ മാറ്റം മുസ്‌ലിം ബ്രദർ ഹുഡിലൂടെ ആകരുതെന്ന് അവർക്ക് നിർബന്ധമുണ്ട്. ജനാധിപത്യത്തെ കുറിച്ച് വലിയ വായിൽ ഒച്ച വെക്കുമ്പോഴും, ഭരണത്തിലേറുന്നവർ തങ്ങളുടെ ഇംഗിതത്തിനൊത്ത് നിൽക്കണമെന്ന ജനാധിപത്യവിരുദ്ധ ഉപാധി എപ്പോഴും മുന്നോട്ട് വെച്ച ചരിത്രമാണ് അമേരിക്കക്കുള്ളത്. അന്താരാഷ്ട്ര തലത്തിൽ ശക്തമായ സമ്മർദങ്ങളും വിചാരണകളുമുണ്ടായെങ്കിൽ മാത്രമേ ഒരു സ്വതന്ത്ര തെരഞ്ഞെടുപ്പ് ഈജിപ്തിൽ പ്രതീക്ഷിക്കാനാകൂ. ■